# തെങ്ങുകയറിയും പാൽകറന്നും ജീവിതം സമരമാക്കി കോളജ് ചെയർമാൻ

സ്വന്തം ലേഖകൻ

കടയ്ക്കൽ: നാട്ടുകാർക്ക് തെങ്ങുകയറ്റക്കാരനും കൂട്ടുകാർക്ക് ചെയർമാനും വീട്ടുകാർക്ക് അത്താണിയുമായ വിദ്യാർഥി വ്യത്യസ്തനാകുന്നു. കുമ്മിൾ ഇർഷാദ് മൻസിലിൽ ഷെമീറാണ് (20) വിധിക്കെതിരായ നീന്തലിൽ ശ്രദ്ധേയനാകുന്നത്. പെരിങ്ങമ്മല ഇക്ബാൽ കോളജിൻെറ പുതിയ ചെയർമാനായ ഷെമീർ നാട്ടിലെ പ്രധാന തെങ്ങുകയറ്റ തൊഴിലാളിയാണ്. വീട്ടിലെ കഷ്ടപ്പാടുകളാണ് ഈ പഠിതാവിനെ തൊഴിലാളിയാക്കി മാറ്റിയത്.

ഷെമീറിൻെറ പിതാവ് അബ്ദുൽ സലാമിന് വർഷങ്ങളായി ശാരീരിക അസ്വസ്ഥതകളുണ്ട്. മാതാവ് സബൂറബീവിയും സഹോദരൻ ഇർഷാദും മാനസികരോഗത്തിന് ചികിത്സയിലാണ്. രണ്ട് പെൺകുട്ടികൾ കൂടി അടങ്ങുന്ന ഈ കുടുംബത്തിൻെറ അത്താണിയായി കളിചിരി മാറുംമുമ്പേ ഷെമീർ മാറപ്പെട്ടു. രോഗാവസ്ഥയിൽ വിവസ്ത്രനായി വീടുവിട്ട് ഓടിയിരുന്ന ഇർഷാദിനെ നോക്കാൻ അഞ്ചാം ക്ലാസിൽ ഷെമീർ പഠനം നിർത്തി. പിന്നീട് അയൽവാസിയും അധ്യാപകനുമായ താജുദ്ദീൻെറയും നാട്ടുകാരുടെയും സഹായത്തോടെ പഠനം പുനരാരംഭിച്ചു. കിട്ടുന്ന ജോലികൾ ചെയ്ത് വീടുപുലർത്തി, പഠനം തുടർന്ന ഷെമീർ 80 ശതമാനം മാർക്കോടെയാണ് കുമ്മിൾ ഗവ. എച്ച്.എസ്.എസിൽനിന്ന് പ്ലസ് ടു പൂർത്തീകരിച്ചത്. ഇതിനിടെ പ്രസംഗം ഉൾപ്പെടെയുള്ള മത്സരങ്ങളിൽ പങ്കെടുത്ത് നിരവധി സമ്മാനങ്ങളും നേടിയിരുന്നു.

ബിരുദപഠനത്തിന് ചേരാൻ ഒരുങ്ങുന്നതിനിടെയാണ് ഷെമീർ തീർത്തും ആശയക്കുഴപ്പത്തിലായത്. നിലവിൽ ചെയ്തിരുന്ന ജോലികൾകൊണ്ട് വീട്ടുചെലവും പഠനവും തുടരാൻ കഴിയില്ലെന്ന് തിരിച്ചറിഞ്ഞു. ഇതേത്തുടർന്ന് പശുക്കറവയും തെങ്ങുകയറ്റവും പ്രധാന തൊഴിലായി തെരഞ്ഞെടുത്തു. വെളുപ്പിന് 4.30ന് ഉറക്കമെഴുന്നേറ്റ് ആറ് വീടുകളിലെ പശുക്കളെ കറന്നും ഒമ്പത് വരെ തെങ്ങുകയറിയും സ്ഥിര വരുമാനം കണ്ടെത്തിയശേഷം പെരിങ്ങമ്മല ഇക്ബാൽ കോളജിൽ ബിരുദത്തിന് ചേരുകയായിരുന്നു. സ്വന്തമായി അധ്വാനിച്ച് കുടുംബം പോറ്റുന്ന ഷെമീറിന് അധ്യാപകരുടെ പരിഗണനയും കിട്ടി. ഇതിനിടെ പരമ്പരാഗത രീതിയിലുള്ള തെങ്ങുകയറ്റം അപകടം വരുത്തുമെന്ന് നാട്ടുകാർ ഓർമപ്പെടുത്തിയതോടെ പരീക്ഷണത്തിന് നിൽക്കാതെ നാളികേര വികസന ബോർഡിൻെറ കൊല്ലത്തെ ക്യാമ്പിൽ പങ്കെടുത്തു. ഏഴ് ദിവസത്തെ ക്യാമ്പ് വിജയകരമായി പൂർത്തീകരിച്ചതോടെ തെങ്ങുകയറാനുള്ള ഉപകരണവും സൗജന്യമായി ലഭിച്ചു. ഇതുപയോഗിച്ചാണ് കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ അഞ്ച് പഞ്ചായത്തുകളിൽ തെങ്ങുകയറുന്നത്. നാളികേരമിടാൻ ആളെ കിട്ടാതിരുന്ന കർഷകർക്ക് ഷെമീർ സഹായമായപ്പോൾ 1200 രൂപ വരെ ദിനംപ്രതി സമ്പാദിക്കാനുള്ള വഴിയാണ് ലഭിച്ചത്.

കെ.എസ്.യുവിലൂടെ വിദ്യാർഥി രാഷ്ട്രീയത്തിലിറങ്ങിയ ഷെമീർ ഏറ്റവും വലിയ ഭൂരിപക്ഷത്തിലാണ് ഇക്കുറി ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടത്. പഠനത്തിൽ മികവ് പുലർത്തുന്ന ഷെമീറിന് സിവിൽ സർവീസ് വിജയിക്കണമെന്നതാണ് ഏറ്റവും വലിയ ആഗ്രഹം. അക്കാര്യം നടക്കുമോയെന്ന് വലിയ വിശ്വാസമില്ലെങ്കിലും മാതൃകാ വിദ്യാർഥിയായ ഷെമീർ ആഗ്രഹം പൂർത്തീകരിക്കുമെന്ന ഉറച്ച വിശ്വാസം നാട്ടുകാർക്കുണ്ട്.



ഷെമീർ തെങ്ങിൽ കയറുന്നു